# ‘ബിസ്മില്ലാഹി-ർറഹ്മാനി-ർറഹീം’.
# അർത്ഥവും വ്യാഖ്യാനവും.
## ബിസ്മില്ലാഹി-അർത്ഥത്തിലും വ്യാഖ്യാനത്തിലും അട്ടിമറിയുണ്ടോ..?

വിശുദ്ധ ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂക്തമാണല്ലോ പ്രാരംഭസൂക്തമായ ‘ബിസ്മില്ലാഹിർറഹ്മാനി-ർറഹീം’(‘തൌബ’ എന്ന അദ്ധ്യായമൊഴികെ) വിശുദ്ധഖുർആനിലെ എല്ലാ അദ്ധ്യായത്തിന്റെ തുടക്കത്തിലും ആ ബിസ്മി നമുക്ക് കാണാം.) വിശുദ്ധ ഖുർആന്റെ ചിഹ്നവും, ഇസ്ലാമിന്റെ മുഖമുദ്രയുമാണ് പ്രസ്തുതസൂക്തം. ‘അത്യുദാരനും,(അളവറ്റ ദയാപരനും)കരുണാനിധിയുമായ അല്ലാഹുവിന്റെ (ദൈവത്തിന്റെ) നാമത്തിൽ’. എന്നാണ് അതിന്ന് സുന്നീ-ശിയാ പണ്ഡിതന്മാർ ആയിരത്തിലധികം കൊല്ലമായി അർത്ഥം പറഞ്ഞുവരുന്നത്.

ആയിരത്തിലധികം കൊല്ലമായി നാം ഉരുവിട്ടു പഠിച്ചതും,സുന്നികളിലെയും ശിയാക്കളിലെയും മുന്നൂറിലധികം വരുന്ന മുസ്ലീം സംഘടനകളിലെ നിഷ്ക്കളങ്കരായ വിശ്വാസികൾ ആദരവോടെ തങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉരുവിടുന്നതുമായ ആ ബിസ്മിയുടെ അർത്ഥത്തിലും ഗുരുതരമായ ഒരു ദുർവ്യാഖ്യാനം നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട് എന്നാണ് നമുക്ക് അനുഭവപ്പെടുന്ന പുതിയ ഒരു ദു:ഖസത്യം. ആ ദുർവ്യാഖ്യാനത്തിലേക്ക് ഖുർആൻ വിശ്വാസികളുടെയും മുസ്ലീം പണ്ഡിതന്മാരുടെയും ശ്രദ്ധക്ഷണിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

വിശുദ്ധ ഖുർആനിനെയും, മുഹമ്മദ് നബിയേയും പറ്റെ അവഗണിച്ചുകൊണ്ട് ‘അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത്’. എന്ന ഒരു പാരമ്പര്യമതമുണ്ടാക്കുകയും, ആ ആചാരമതത്തിന്റെ മുഖമുദ്രയായി ഖുർആൻ വിരുദ്ധമായ അമ്പതിലധികം തെറ്റുകളുള്ള ഒരു കേവലനമസ്ക്കാര രൂപവും ബാങ്കുമൊക്കെ ഉണ്ടാക്കുകയും, ആ ഇസ്ലാം വിരുദ്ധ നമസ്ക്കാരത്തിൽ ഖുർആനിന്റെ മുഖമുദ്രയായ ‘ബിസ്മി’പതുക്കെ ഓതണമെന്നും, അതേ സമയം ഖുർആനിൽ എവിടെയും കാണാത്ത-നബിതിരുമേനി പഠിപ്പിക്കാത്ത-ആമീൻ(so be it) എന്ന ജൂത പൗരോഹിത്യമന്ത്രം ഉറക്കെ ഉരുവിടണമെന്നും നിയമമാക്കിയ അറേബ്യൻ സുന്നികൾ,‘ബിസ്മില്ലാഹി’യുടെ അർത്ഥവും തന്ത്രപൂർവ്വം നമ്മിൽ നിന്ന് മറച്ചുവെച്ചതിൽ എന്താണൽഭുതപ്പെടാനുള്ളത്? (പാപികളായ- കുഞ്ഞാടുകളായ-ഞങ്ങൾക്ക്(സുന്നികൾക്ക്) ദൈവത്തിനോട് നേരിട്ട് സംസാരിക്കാനോ, പ്രാർത്ഥിക്കാനോ ഉള്ള യോഗ്യതയില്ലാത്തതുകൊണ്ട്‘ആമീൻ’-‘ആമീൻ’ (എന്താണോ, അച്ഛനും പാതിരിയും മുല്ലാക്കയും പറയുന്നത് അത് സ്വീകരിക്കേണേ-(അപ്രകാരം സംഭവിക്കേണമേ=so be it) എന്നാണ് ആമീന്റെ അർത്ഥം. ‘ഫത്ഹുൽബാരി’യുടെ കർത്താവായ ഇബ്നുഹജറുൽ അസ്ഖലാനിയും ‘ബുഖാരി’യുടെ വ്യാഖ്യാനത്തിൽ ഈ അർത്ഥം പരാമർശിച്ചിട്ടുണ്ട്).

‘ബിസ്മില്ലാഹി’ എന്നതിന് ‘ദൈവനാമത്തിൽ’ (ബി+ഇസ്മില്ലാഹി) എന്നും ‘ദൈവത്തിന്റെ അടയാളത്തിൽ’ (അല്ലാഹുവിന്റെ പ്രതീകമായിക്കൊണ്ട്)എന്നും അർത്ഥം വെക്കാവുന്നതാണ്. വിശുദ്ധഖുർആനിലെ (96:1,2)(48:29) എന്നീ വചനങ്ങൾ ഒരു അറബിഭാഷാപണ്ഡിതന്റെ സഹായത്തോടെ ശ്രദ്ധിച്ചു പഠിക്കുക.)അറബി ഭാഷയിൽ ‘സിമത്’(സിമ; സമ) എന്ന പദത്തിന് അടയാളം എന്നർത്ഥമുണ്ട്. പേരിടലും(പേരും)(ഇസ്മ്)ഒരു അടയാളം വെക്കൽ തന്നെയാണല്ലോ..!(‘ഇസ്മ്’=‘നാമം’ എന്ന അർത്ഥത്തിൽ ‘ബിസ്മില്ലാഹി’ എഴുതുമ്പോൾ ‘ബ’ ക്കു ശേഷം അലിഫ് ഇടണം എന്നുള്ളത് ഒരു അറബി ഭാഷാ വ്യാകരണ നിയമമാണ്.(ഉദാഹരണം: ഖുർആൻ 96:1(ഇഖ്റഅ് ബിസ്മി റബ്ബിക്ക എന്ന ഭാഗം ശ്രദ്ധിക്കുക.) എന്നാൽ വിശുദ്ധ ഖുർആനിലെ ബിസ്മിയിലെ അലിഫ് എന്തുകൊണ്ട് മറഞ്ഞിരിക്കുന്നു

എന്നതിന് ശാസ്ത്രീയമായ ഒരു വിശദീകരണമാണ് നമുക്ക് വേണ്ടത്. അല്ലാതെ പൂർവ്വികരുടെ വിവരക്കേടോ ആയിരത്തിനാനൂറ് വർഷത്തിന്റെ പാരമ്പര്യമോ അല്ല. ദൈവനാമം വെറുതെ യാന്ത്രികമായി നാവുകൊണ്ട് ഉരുവിടുന്നതോ അതോ ദൈവത്തിന്റെ അടയാളമായി (പ്രതീകമായി) വർത്തിക്കുന്നതോ ഏതാണ് ഉത്തമമായ അർത്ഥവും വ്യാഖ്യാനവും എന്ന് വിശ്വാസികൾക്ക് പറഞ്ഞ് മനസ്സിലാക്കി തരിക.)

അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്(ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്) ഞാൻ ഈ (വേദപാരായണം ആരംഭിക്കുന്നു) എന്നാണ് 'ബിസ്മി' യുടെ ശരിയായ അർത്ഥം.

## അല്ലാഹുവിന്റെ അടയാളമാകുക(ദൈവത്തിന്റെ പ്രതീകമാകുക) എന്നതിന്റെ വിവക്ഷയെന്ത്..?

അളവറ്റ ദയാപരനും കരുണാനിധിയുമായ ഒരു മഹാ പ്രതിഭാസമാണ് അല്ലാഹു(ദൈവം). അവന്റെ കാരുണ്യം നമ്മെ എപ്പോഴും പൊതിഞ്ഞുനിൽക്കുന്നു. കരുണചെയ്യുക എന്നത് ഒരു ബാധ്യതയായി അവൻ സ്വയം ഏറ്റെടുത്തിരിക്കുന്നു. (6:154)(6:133)....(1:1-114:1)(11:6)(15:20)(51:58)അങ്ങിനെ അത്യുദാരനും കരുണാനിധിയുമായ (റഹ്മാനും റഹീമുമായ ഒരു വ്യവസ്ഥിതിയായാണ്-ഒരു മഹാ പ്രതിഭാസമായാണ്-) ഒരു മഹാശക്തിയായാണ് ഖുർആനിലെ ആയിരക്കണക്കിന് സൂക്തങ്ങളിലൂടെ അല്ലാഹു നമുക്ക് സ്വയം പരിചയപ്പെടുത്തിത്തരുന്നത്.! (2:30)(38:26)(32:9)(15:29)(38:72) (57:1-6)(50:6-16)(2:255)(13:33)(33:72)

അങ്ങിനെയുള്ള അത്യുദാരനും, കരുണാനിധിയുമായ ദൈവത്തിന്റെ പ്രതിനിധിയാണ് ഓരോ മനുഷ്യനും എന്നു ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. അവൻ ഭൂമിയിൽ നമ്മെ അവന്റെ പ്രതിനിധിയാക്കിയിരിക്കുന്നു ഓരോ മനുഷ്യനിലും ദൈവത്തിന്റെ അംശവും പ്രാതിനിധ്യവുമുണ്ട്. അല്ലാഹുവിന്റെ-ദൈവത്തിന്റെ -മാത്രം കുത്തകയായ സൃഷ്ടി-സ്ഥിതി-സംഹാരം ഒരു പരിധി വരെ ഭൂമിയിൽ നടപ്പിലാക്കാൻ അനുവാദം ലഭിച്ച-അതിനു കഴിവുള്ള-ഈ പ്രപഞ്ചത്തിലെ ഇന്നറിയപ്പെടുന്ന ഒരേയൊരു ജീവി ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യൻ മാത്രമാകുന്നു. അല്ലാഹുവിന്റെ ഖലീഫ-ദൈവത്തിന്റെ പ്രതിനിധി-ഭൂമിയിൽ ദൈവത്തിന്റെ പകരക്കാരൻ-എന്ന വിശേഷണത്തിലൂടെ കുറെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് ദൈവം മനുഷ്യനു മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അല്ലാഹുവിന്റെ ഗുണങ്ങൾ വിളംബരം ചെയ്യുന്ന അടയാളമാകണം.(ചിഹ്നമാകണം) ഓരോരുത്തരും എന്നത്..! ഈ ഭൂമിയിൽ ദൈവത്തെപോലെയാവാൻ ആർക്കും പറ്റില്ല. (112:4) എങ്കിലും ദൈവത്തിന്റെ ഗുണങ്ങളുടെ പ്രതീകമായും, പ്രതിരൂപമായും ഓരോ മനുഷ്യനും വർത്തിക്കണം എന്നുള്ളതാണ് പ്രസ്തുത വചനത്തിന്റെ താൽപ്പര്യം.

അല്ലാതെ അല്ലാഹുവിന്റെ തൊണ്ണൂറ്റിയൊൻപത്(99) നാമങ്ങൾ ('അസ്മാഉൽഹുസ്നാ') വെറുതെ നാവുകൊണ്ട് ഉരുവിട്ടതുകൊണ്ട് കാര്യമില്ല. 'അസ്മാഉൽഹുസ്നാ'(ദൈവിക നാമങ്ങൾ) മനോഹരമായി എഴുതിയുണ്ടാക്കി ചുമരിൽ തൂക്കിയിട്ടിട്ടും കാര്യമില്ല. ആ നാമങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് നാം ദൈവത്തിന്റെ പ്രതീകങ്ങളായി മാറുന്നത്. റഹ്മാൻ(കാരുണ്യവാൻ) റഹീം(കരുണാനിധി) സമദ്(ആരുടെയും ആശ്രയം ആവശ്യമില്ലാത്തവൻ) അസീസ്(പ്രതാപവാൻ) എന്നിങ്ങനെയുള്ള ദൈവത്തിന്റെ വിശിഷ്ടനാമങ്ങൾ അന്വർത്ഥമാകുന്നത് നാം ആ പേരിന്റെ അർത്ഥത്തിന്റെ പൊരുളറിഞ്ഞു കർമ്മം ചെയ്യുമ്പോൾ മാത്രമാണ്. വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ വിശേഷണങ്ങളായി ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളതും റഹ്മാൻ,റഹീം എന്നീ പദങ്ങളാണ്. അങ്ങിനെയുള്ള കാരുണ്യവാനും, കരുണാമൂർത്തിയുമായ ദൈവത്തിന്റെ പ്രതിനിധിയും, പ്രതീകവുമാണ് വിശ്വാസിയായ ഓരോ മനുഷ്യനും.

കരുണചെയ്യുക എന്നത് ഒരു ബാധ്യതയായി സ്വയം ഏറ്റെടുത്ത അല്ലാഹുവിന്റെ -കാരുണ്യവാനും കരുണാനിധിയുമായ ദൈവത്തിന്റെ പ്രാതിനിധ്യം സ്വയം ഏറ്റെടുത്തുകൊണ്ട് മാനവരാശിയുടെയും, ഈ പ്രപഞ്ചത്തിന്റെയും നിലനിൽപ്പിനും ക്ഷേമത്തിനുമായി കാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുക, അതുവഴി ഈ ഭൂമിയിൽ സ്വർഗ്ഗവും, പരലോകമോക്ഷവും കരസ്ഥമാക്കുക എന്നതാണ് വിശുദ്ധ ഖുർആൻ എന്ന ദൈവീക ഗ്രന്ഥത്തിന്റെ താൽപ്പര്യം. ഏതൊരു ഗ്രന്ഥമായാലും, ലേഖനമായാലും, കവിതയായാലും, അതിലെല്ലാം ഒരു സന്ദേശവും താൽപ്പര്യവും ഉണ്ടാകും. ഗ്രന്ഥകർത്താവ് അതിന്റെ 'തലക്കെട്ടിലോ' തുടക്കത്തിലോ അത് പ്രകടമാക്കുകയും ചെയ്യും. അപ്പോൾ വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ മൊത്തം താൽപ്പര്യം വളരെ മനോഹരമായി ഖുർആനിലെ ആദ്യവചനത്തിൽതന്നെ അല്ലാഹു ഒളിപ്പിച്ചു വെച്ചിട്ടുണ്ട് എന്നു സാരം. എല്ലാ അദ്ധ്യായത്തിന്റെ തുടക്കത്തിലും ആ താൽപ്പര്യം(ബിസ്മില്ലാഹി) ആവർത്തിക്കുകയും ചെയ്തു.

അപ്പോൾ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നതിന്റെ അർത്ഥം 'കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്' എന്നാണ്. കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ

അടയാളമായിക്കൊണ്ട്(കരുണാമയനായ ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്)(ഞാൻ ഈ വേദപാരായണം ആരംഭിക്കുന്നു) എന്നു സാരം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ എത്രതന്നെ അക്രമവും, അനീതിയും ചെയ്യുന്ന ക്രൂരന്മാരോട് പോലും കാരുണ്യം ചെയ്യുക എന്നത് ഒരു ബാധ്യതയായി സ്വയം ഏറ്റെടുത്ത കരുണാമയനായ ആ ദൈവത്തിന്റെ അംശവും പ്രതിനിധിയുമായ (ഞാൻ) ആ ബാധ്യത (സഹജീവികൾക്ക് കരുണ ചെയ്യുക എന്ന ബാധ്യത) സ്വയം ഏറ്റെടുത്തുകൊണ്ട്- ആ പ്രാതിനിധ്യം സ്വയം തിരിച്ചറിഞ്ഞുകൊണ്ട്-ഈ വേദപാരായണവും, വേദപഠനവും ,വേദപ്രചരണവും തദനുസാരമുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നു എന്നു സാരം.

(Being the Sign of God, the Beneficient; the Merciful or
Being the Symbol of God, the Beneficient; the Merciful.or
Being the Representative of God, the Beneficient; the Merciful or
Being the Sign of Allah; Most gracious, most Merciful etc)

<u>Note</u>: ഇതു ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലെ ചില പണ്ഡിതന്മാരുടെ അർത്ഥവും, വ്യാഖ്യാനവും , അഭിപ്രായവുമാണ്.. ഇത് ഒരു അന്തിമ അർത്ഥമോ, വ്യാഖ്യാനമോ അല്ല. ഖുർആൻ സുന്നത്തു സൊസൈറ്റി യുടെ ഗവേഷണവിഭാഗത്തിലെ പണ്ഡിതന്മാരുടെ അഭിപ്രായവും, വ്യാഖ്യാനവും വിശദീകരണവും കേട്ടതിനുശേഷമേ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ ഔദ്യോഗിക പരിഭാഷയിൽ ഇത് ഉൾക്കൊള്ളിക്കുകയുള്ളു. അനാരോഗ്യകരമായ വിമർശനങ്ങളും തർക്കങ്ങളും ഇല്ലാതെ ഗൗരവമായി ഈ ചർച്ചയിൽ പ്രതികരിക്കണമെന്ന് എല്ലാ ആദർശബന്ധുക്കളോടും അഭ്യർത്ഥിക്കുന്നു

ഡോ: എം. അബ്ദുൽജലീൽ

<u>പരിഭാഷകൾക്കും വ്യാഖ്യാനങ്ങൾക്കും കടപ്പാട്.</u>

**മൗലവി ചേകന്നൂർ**
അബൂയാസീൻ
അബൂഹാല

**<u>Research wing of Khur-aan Sunnath Society</u>**

**മൗലവി ചേകന്നൂർ**
മുഹമ്മദുണ്ണി മൗലവി, മാറാഞ്ചേരി
മൗലവി യൂസുഫ്, കരുനാഗപ്പള്ളി
മൗലവി.സി.പി.എ.അസീസ്
മജീദ് സുല്ലമി, ഉഗ്രപുരം
അബൂഷാഹീൻ
ബീരാൻകുട്ടി സാഹിബ്; കുനിയിൽ
ഷാഹുൽ ഹമീദ് മൗലവി,കോട്ടക്കൽ
സെയ്തലവി അൻസാരി
മുതൂർ അബൂബക്കർ മൗലവി
കെ.ടി.കെ.അഹമ്മദ്
അബ്ദുറഹ്മാൻ, കൂത്തുപറമ്പ്.
അബൂ ഹാല.